# കുടുംബബന്ധം ചേർക്കുന്നതിന്റെ മഹത്വം

അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു:

«إِنَّ اللّٰهَ خَلَقَ الْخَلْقَ. حَتَّىٰ إِذَا فَرَغَ مِنْهُمْ قَامَتِ الرَّحِمُ فَقَالَتْ: هٰذَا مَقَامُ الْعَـائِذِ مِنَ الْقَـطِيعَةِ. قَالَ: نَـعَمْ. أَمَا تَرْضَـيْنَ أَنْ أَصِـلَ مَنْ وَصَلَكِ وَأَقْطَعَ مَنْ قَـطَعَكِ ؟ قَالَتْ: بَلَىٰ. قَالَ: فَذَاكِ لَكِ» ثُمَّ قَالَ رَسُولُ اللّٰهِ: «اقْرَأُوا إِنْ شِئْتُمْ: ﴿ فَهَلْ عَسَيْتُمْ إِن تَوَلَّيْتُمْ أَن تُفْسِدُوا۟ فِى ٱلْأَرْضِ وَتُقَطِّعُوٓا۟ أَرْحَامَكُمْ ۝٢٢ أُو۟لَـٰٓئِكَ ٱلَّذِينَ لَعَنَهُمُ ٱللَّهُ فَأَصَمَّهُمْ وَأَعْمَىٰٓ أَبْصَـٰرَهُمْ ﴾

«അല്ലാഹു സൃഷ്ടികളെ പടച്ചു, എന്നിട്ട് അതിൽ നിന്ന് വിരമിച്ചപ്പോൾ കുടുംബബന്ധം എഴുന്നേറ്റുനിന്നു, അങ്ങിനെ അത് പറഞ്ഞു: കുടുംബബന്ധം മുറിക്കുന്നതിൽ നിന്നും നിന്നോട് ശരണം തേടുന്നവന്റെ സ്ഥാനമാണ് ഇത്. അല്ലാഹു പറഞ്ഞു: അതെ, നിന്നോട് (കുടുംബത്തോട്) ബന്ധംചേർക്കുന്നവനോട് ഞാൻ ബന്ധം ചേർക്കുന്നതാണ്, നിന്നോട് (കുടുംബത്തോട്) ബന്ധംമുറിച്ചവനോട് ഞാൻ ബന്ധംമുറിക്കുന്നതാണ്; ഇത് നീ ഇഷ്ടപ്പെടുന്നില്ലേ? അത് പറഞ്ഞു; അതെ. അല്ലാഹുﷻ പറഞ്ഞു: അത് നിനക്കുണ്ട് (പിന്നെ അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു) നിങ്ങൾ ഉദ്ദേശിക്കുന്നുവെങ്കിൽ ഓതുക: {{എന്നാൽ നിങ്ങൾ കൈകാര്യ കർതൃത്വം ഏറ്റെടുക്കുകയാണെങ്കിൽ ഭൂമിയിൽ നിങ്ങൾ കുഴപ്പമുണ്ടാക്കുകയും, നിങ്ങളുടെ കുടുംബബന്ധങ്ങൾ വെട്ടിമുറിച്ചേക്കുകയും ചെയ്തേക്കുമോ? അത്തരക്കാരെയാകുന്നു അല്ലാഹു ശപിച്ചിട്ടുള്ളത്. അങ്ങനെ അവർക്ക് അവൻ ബധിരത നൽകുകയും അവരുടെ കണ്ണുകൾക്ക് അന്ധത വരുത്തുകയും ചെയ്തിരിക്കുന്നു}}» (സൂറ: മുഹമ്മദ്: 22, 23)

അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു:

«لاَ يَدْخُلُ الْجَنَّةَ قَاطِعُ رَحِمٍ»

«കുടുംബബന്ധം മുറിക്കുന്നവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല» (മുസ്ലിം)

അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു:

«مَنْ أَحَبَّ أن يُبسَطَ له في رِزقِهِ، ويُنسَأَ لَهُ فِي أَثَرِهِ، فلْيَصِلْ رَحِمَهُ»

www.salafivoice.com

«തന്റെ ഉപജീവനം വിശാലമായിക്കിട്ടുന്നത് ആരാണോ ഇഷ്ടപ്പെടുന്നത് തന്റെ അവധി (ആയുസ്സ്) നീട്ടിക്കിട്ടുന്നത് ആരാണോ ഇഷ്ടപ്പെടുന്നത് അവൻ കുടുംബബന്ധം ചേർത്തുകൊള്ളട്ടെ» (ബുഖാരി, മുസ്‌ലിം)

അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു:

«بابانِ يُعجَّلانِ في الدُّنيَا: البغْيُ وقَطيعةُ الرَّحمِ»

«ശിക്ഷ പെട്ടെന്ന് കിട്ടുന്ന രണ്ട് വകുപ്പുകളുണ്ട്: അതിക്രമവും കുടുംബബന്ധം മുറിക്കലുമാണവ» [1]

അമീർ നായിഫ് ഇബ്നു മംദൂഹ് ആലു സുഊദിന്റെ 'ഫുറസ്വു കസ്ബി ഥ്വവാബ്' എന്ന ഗ്രന്ഥത്തിൽ നിന്ന്
വിവർത്തനം: അബ്ദുൽ ജബ്ബാർ അബ്ദുല്ല

[1] അദബുൽ മുഫ്റദ്, ബുഖാരി. അൽബാനി ഹദീഥിനെ 'സ്വഹീഹ്' ആക്കിയിട്ടുണ്ട്.

www.salafivoice.com